പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3317      10.12.2018-ൽ മറുപടിക്ക്

## വൻകിട പദ്ധതികൾക്കായി നെൽവയൽ നികത്താൻ അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൻകിട പദ്ധതികൾക്കായി നെൽ വയൽ നികത്താൻ ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | വൻകിട പദ്ധതികൾക്കായി സംസ്ഥാനത്ത് നെൽ വയൽ നികത്താൻ സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ കേന്ദ്ര സംസ്ഥാന പദ്ധതിയായ ഗെയിൽ വാതക വിതരണ പദ്ധതി, കൊച്ചി സേലം പൈപ്പ് ലൈൻ പദ്ധതി (ബി.പി.സി.എൽ) എന്നിവയ്ക്ക് വേണ്ടി നിലം നികത്താൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടെക്നോപാർക്ക് 3-ാം ഘട്ട വികസനത്തിനും ബ്രഹ്മപുരം വേസ്റ്റ് ടു എനർജി പ്രോജക്ട്, കൊച്ചി എന്നിവയ്ക്കും വേണ്ടി നെൽവയൽ നികത്താൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വൻകിട സ്വകാര്യ ഷോപ്പിംഗ് കോംപ്ലക്സുകളോ മാളുകളോ പണിയാൻ സംസ്ഥാനത്ത് എവിടെയെങ്കിലും നെൽവയൽ നികത്താൻ ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | വൻകിട സ്വകാര്യ ഷോപ്പിംഗ് കോംപ്ലക്സിനോ, മാളുകളോ പണിയുന്നതിന് നെൽവയൽ നികത്താൻ ഈ സർക്കാർ അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ